**QP CODE: 19101804**

19101804

**Reg No** : ....................

**Name** : ....................

## B. COM DEGREE (CBCS) EXAMINATION, MAY 2019

**Second Semester**

Common Course II - **ML2CCT12 - മലയാളം- ഗദ്യം , യാത്രാവിവരണം**

(Common forModel II B.Com Programmes)

2017 ADMISSION ONWARDS

4D2384D0

**Maximum Marks: 80** **Time: 3 Hours**

### പാർട്ട് എ

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.

1. ' തടാകത്തിൽ പെട്ടെന്ന് പൊന്തി വന്ന ഒരു മത്സ്യം പോലെ അന്ത:പുരത്തിൽ ഞാനൊരു വിസ്മയവസ്തുവായി ഉയർന്നു. ' ആര്? സന്ദർഭമേത് ?
2. ആരാണ് ഗോപാല ദാസ്? അദ്ദേഹത്തിന്റെ പുലയ സമുദായ സമുദ്ധാരണ പ്രവർത്തനങ്ങൾ വിശദമാക്കുക
3. കവിതയുടെ ശുദ്ധി കാക്കാൻ വ്രതമെടുത്തവരുടെ തീവ്രവാദങ്ങൾ ഏവ?
4. ബ്രിട്ടീഷ് സാമ്രാജ്യത്വം വ്യവസായ വിപ്ലവത്തോടെ മുതലാളിത്ത വ്യവസ്ഥയെ പണിതെടുത്തു. എങ്ങനെ?
5. ഇന്ത്യൻ വസ്ത്ര നിർമ്മാണ പാരമ്പര്യത്തിന്മേൽ ബ്രിട്ടന്റെ കടന്നുകയറ്റത്തെപ്പറ്റി ഹറോൾഡ് വിൽസൺ ' എഴുതുന്നതെന്തെല്ലാം?
6. ഇന്ത്യയുടെ സ്ത്രീ മുന്നേറ്റ ചരിത്രം വ്യക്തമാക്കുക
7. നോട്ടു കുറിക്കുക ' പാട്ടബാക്കി '
8. സാഹിത്യകാര പരിചയം നടത്തുക.- ' ഇ.പി.രാജഗോപാലൻ '
9. സാഹിത്യകാര പരിചയം നടത്തുക 'കെ.സി.നാരായണൻ '
10. സോനാ മാർഗിലെ പ്രഭാതം കെ.ബി.പ്രസന്നകുമാർ അവതരിപ്പിക്കുന്നതെങ്ങനെ?
11. സോജിലാ 'യിലെ മഞ്ഞ് മുറിച്ചു മാറ്റുന്നതിൽ ' തുള്ളാ ഖാന്റെ 'സേവനങ്ങളെന്തെല്ലാം
12. ലഡാക്കിലെ 'ലേ' കൊട്ടാരത്തിന്റെ ചരിത്രം എഴുതുക

(10×2=20)



Turn Over

## പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **5** മാർക്ക് വീതം.

13. പഴയ മലയാളി സമൂഹത്തിന്റെ ഏറ്റവും ഉയർന്ന തട്ടുകളിലെ സ്ത്രീകളുടെ ജീവിതാനുഭവങ്ങൾ എന്തായിരുന്നു?

14. പരിഹാരങ്ങൾ ഡൗൺലോഡ് ചെയ്യാമെന്ന് കരുതുന്ന ധന ശാസ്ത്ര വിദഗ്ദ്ധരും ആസൂത്രണ വിദഗ്ദ്ധരും കൂടിയാവുമ്പോൾ കേരളം സാമൂഹ്യാസ്വാസ്ഥ്യത്തിന്റെ പര്യായമാവുന്നു. ഇ.പി.രാജഗോപാലന്റെ വിവക്ഷകൾ എന്തെല്ലാം?

15. കേരളത്തിൽ വളർന്നു തഴച്ച വാദ്യകലാ രൂപങ്ങളെ എത്രഗണങ്ങളായി തിരിക്കുന്നു? വിശദമാക്കുക

16. മറ്റൊരാളുടെ തലച്ചോറു കൊണ്ട് ചിന്തിക്കലാണ് വായന'യെന്ന ഷോപ്പൻ ഹവറുടെ പരിഹാസം ഒരർത്ഥത്തിൽ പൊള്ളയും മറ്റൊരർത്ഥത്തിൽ പ്രസക്തവുമാണ്. വ്യക്തമാക്കുക

17. കോടതി ഭാഷ'യുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ട ഹൈക്കോടതി ഉത്തരവുകൾ ഏവ?വിശദമാക്കുക

18. ഭൂമിയെപ്പറ്റിയും ജീവനെപ്പറ്റിയുമുള്ള ഉൽക്കണ്ഠകളാണ് പരിസ്ഥിതി സ്ത്രീവാദത്തിനടിസ്ഥാനം. വിലയിരുത്തുക

19. ലഡാക്ക് ഭാഗങ്ങൾ മുതൽ കൈലാസംവരെയുള്ള ഹിമപർവത മേഖലയിൽ കാണുന്ന ഹിമാലയത്തിന്റെ ഭാവാന്തരങ്ങൾ വിശദമാക്കുക

20. ലഡാക്ക് സഞ്ചാരങ്ങളുടെ കേന്ദ്ര ഭൂമിയാണ് 'ലേ ' വിശദമാക്കുക

21. ചാങ്താങ് ' വന്യജീവി സങ്കേതത്തിലെ ജൈവവൈവിധ്യവും പാരിസ്ഥിതിക സവിശേഷതകളും വിശദമാക്കുക

(6×5=30)

## പാർട്ട് സി

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.

22. നാലു മണിക്കൂർ നീണ്ടുനിൽക്കുന്ന ദീർഘമായ പ്രയത്നത്തിലൂടെ ഒരു മനുഷ്യ സംഘം ഉയർത്തിക്കൊണ്ടു വരുന്ന ശബ്ദത്തിന്റെ പിരമിഡ് ആണ് പഞ്ചാരിമേളം. വിശദമാക്കുക

23. സ്ത്രീയെയും പ്രകൃതിയെയും ഒരു പോലെ ചൂഷണവിധേയമാക്കുന്ന ഉപഭോഗ സംസ്കൃതിക്കെതിരെയുള്ള പ്രതിരോധമാണ് ' ഇക്കോ ഫെമിനിസം ' വിലയിരുത്തുക

24. ലഡാക്ക് ' ഉയരങ്ങളുടെ സൗന്ദര്യത്തിന്റെ നാടാണ് ' .വ്യക്തമാക്കുക

25. ഡിസ്കിറ്റ്' പ്രദേശം, മൈത്രേയബുദ്ധക്ഷേത്രം ഇവയെക്കുറിച്ച് ഉപന്യസിക്കുക

(2×15=30)